# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 624 — 29.05.2019 ൽ മറുപടിക്ക്

## ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ഖനനപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പാട് ഗ്രാമപഞ്ചായത്തിൽ ഐ.ആർ.ഇ. നടത്തുന്ന ഖനനപ്രവർത്തനങ്ങൾ സർക്കാരിന്റെ നിരീക്ഷണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായാണോ; വിശദീകരിക്കുമോ; | (എ) | കേരള സർക്കാർ അനുവദിച്ച മൈനിങ് ലീസ് പ്രകാരമാണ് ആലപ്പാട് ഐ.ആർ.ഇ.എൽ. ഖനനം നടത്തുന്നത്. ഐ.ആർ.ഇ.എൽ. ആലപ്പാട് നടത്തിവരുന്ന ഖനനം, ഹൈദരാബാദിലെ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റിൽ നിന്നും അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരമാണ്. കൂടാതെ ടി ഖനനം ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ്, ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻസ് സേഫ്റ്റി, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് എന്നിവ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും വിധേയമായാണ് നടന്നു വരുന്നത്. |
| (ബി) | ഇവിടെ സീ വാഷിംഗ് നടക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.01.2019 തീയതിയിൽ ചേർന്ന യോഗതീരുമാന പ്രകാരം സർക്കാരിൽ നിന്ന് ഇനി ഒരു നിർദ്ദേശം ഉണ്ടാകുന്നത് വരെ സീ വാഷിംഗ് കളക്ഷൻ നിർത്തിവച്ചിരിക്കുകയാണ്. |
| (സി) | ഖനനം പൂർത്തീകരിച്ച സ്ഥലങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. ഖനനം നടത്തി കഴിഞ്ഞ സ്ഥലങ്ങൾ നികത്തി പൂർവ്വ സ്ഥിതിയിലാക്കുന്ന പ്രക്രിയ ഐ.ആർ.ഇ.എൽ തുടർന്നുകൊണ്ടിരിക്കുകയാണ്. |
| (ഡി) | ഖനനശേഷം പൂർവ്വ സ്ഥിതിയിലാക്കിയ ഭൂമി ഭൂവുടമകൾക്ക് തിരിച്ച് നൽകുന്ന പദ്ധതി ഇവിടെ നടപ്പിലാക്കുമോ; വിശദീകരിക്കുമോ? | (ഡി) | ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുവാൻ സർക്കാർ ഐ.ആർ.ഇ.എൽ - ന് നിർദേശം നൽകിയിട്ടുണ്ട്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള |

സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്ന് 16.01.2019 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ.ആർ.ഇ-യോട് ആവശ്യപ്പെട്ടിരുന്നു. ഖനനം ചെയ്ത് കഴിഞ്ഞശേഷം സ്ഥലം നികത്തി പൂർവ്വ സ്ഥിതിയിലാക്കി ഭൂവുടമകൾക്ക് അവരുമായുണ്ടായിരുന്ന എഗ്രിമെന്റ് പ്രകാരം മുൻഗണനാ ക്രമത്തിൽ ഭൂമി തിരിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കുമെന്നാണ് ഐ.ആർ.ഇ.എൽ സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**